**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2833** **14-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ബോർഡിന്റെ കീഴിൽ എത്ര ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വൈദ്യുതി ബോർഡിന്റെ കീഴിൽ 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും, 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും നിലവിലുണ്ട്. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുടേയും പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടേയും ജില്ല തിരിച്ചുള്ള പട്ടിക യഥാക്രമം അനുബന്ധം 1, അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകളിൽ ശരാശരി എത്ര വാഹനങ്ങൾ ചാർജ് ചെയ്യുന്നുണ്ടെന്ന വിവരം ലഭ്യമാണോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | ലഭ്യമാണ്. ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളിൽ ഒരു മാസം ശരാശരി പതിനായിരത്തിൽപരം വാഹനങ്ങൾ ചാർജ് ചെയ്യുന്നുണ്ട്. ആഗസ്റ്റ് മാസത്തിൽ 10318 വാഹനങ്ങൾ ചാർജ് ചെയ്തു. പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളിൽ ഒരു മാസം ശരാശരി 19000 വാഹനങ്ങൾ ചാർജ് ചെയ്യുന്നുണ്ട്. ആഗസ്റ്റ് മാസത്തിൽ 18978 വാഹനങ്ങൾ ചാർജ് ചെയ്തു. |
| (സി) | ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകളുടെ മുന്നറിയിപ്പ് ബോർഡുകൾ പലയിടങ്ങളിലും സ്ഥാപിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഉണ്ട്. മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമെ കേരളത്തിലെ എല്ലാ ചാർജിംഗ് സ്റ്റേഷനുകളുടേയും ലൊക്കേഷൻ Mobile App വഴി ലഭ്യമാണ് |

സെക്ഷൻ ഓഫീസർ

(അനുബന്ധം 1)

## Fast Charging Stations

| Sl No | District | No of Fast EVCS |
|---|---|---|
| 1 | Alappuzha | 1 |
| 2 | Ernakulam | 10 |
| 3 | Idukki | 3 |
| 4 | Kannur | 3 |
| 5 | Kasargode | 1 |
| 6 | Kollam | 5 |
| 7 | Kottayam | 3 |
| 8 | Kozhikode | 8 |
| 9 | Malappuram | 3 |
| 10 | Palakkad | 5 |
| 11 | Pathanamthitta | 3 |
| 12 | Thiruvananthapuram | 5 |
| 13 | Thrissur | 11 |
| 14 | Waynad | 2 |
| | TOTAL | 63 |

-7-

(അനുബന്ധം2)

## പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ

| ക്രമ നമ്പർ | ജില്ല | പോൾമൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 145 |
| 2 | കൊല്ലം | 94 |
| 3 | പത്തനംതിട്ട | 33 |
| 4 | ആലപ്പുഴ | 55 |
| 5 | കോട്ടയം | 51 |
| 6 | ഇടുക്കി | 37 |
| 7 | എറണാകുളം | 136 |
| 8 | തൃശ്ശൂർ | 102 |
| 9 | പാലക്കാട് | 88 |
| 10 | മലപ്പുറം | 119 |
| 11 | കോഴിക്കോട് | 158 |
| 12 | വയനാട് | 25 |
| 13 | കണ്ണൂർ | 89 |
| 14 | കാസർഗോഡ് | 37 |
| | ആകെ | 1169 |